# Church Voice

MATEER MEMORIAL CHURCH (CSI)
Vol. 10 No.7 NEWSLETTER July 2012



*"Blessed is he that reads
and they that hear the words of the prophecy,
and keep the things written in it;
for the time is near"*
*(Revelation 1:3)*

Congratulations!



**റവ. വിനോദ് വിക്റ്റർ**

തിരുവനന്തപുരം യുണൈറ്റഡ് ക്രിസ്ത്യൻ മൂവ്മെന്റിന്റെ ആത്മീയ ഉപദേഷ്ടാവായി 2012 - 14 ദൈവവർഷത്തിലേയ്ക്ക് നമ്മുടെ സഭാംഗം റവ. വിനോദ് വിക്റ്റർ തിരഞ്ഞെടുക്കപ്പെട്ടു. ഈ സഭാ ഐക്യവേദിക്ക് തിരുവചനാധിഷ്ഠിത നേതൃത്വം നൽകാൻ ദൈവം അച്ചനെ സഹായിക്കട്ടെ.



**Sneha Johns** (Plus Two)

First Prize winner for Elocution in Inter Diocese Regional Sunday School Kalamela held at Ernakulam. May God bless her with many such laurels.

## സേലം മിഷൻഫീൽഡ്

മിഷണറി ഇൻചാർജ്ജായി പ്രവർത്തിച്ചിരുന്ന റവ. എസ്.ആർ.ജെ. ജയകുമാർ അച്ചൻ സഭാശുശ്രൂഷയ്ക്കായി നാട്ടിലേക്ക് മടങ്ങി വന്നതിനാൽ ഈ വർഷം **ബി.ഡി. പ്രൊബേഷണർമാരായി** ചേർന്ന സർവ്വശ്രീ ഷാജി ടി, റെജി താപസ്സ് എന്നിവരെ പകരക്കാരായി മഹായിടവക നിയോഗിച്ചിരിക്കുന്നു. ഇവർ ഇരുവരും തമിഴ് ഭാഷ അറിയുന്നവരാണ്. **ശ്രീ. ഷാജി ടി.** യ്ക്കാണ് മിഷന്റെ ചുമതല നൽകിയിരിക്കുന്നത്. രണ്ടുപേരും എം.എ. പരീക്ഷ പൂർത്തിയാക്കിയശേഷം മെയ് രണ്ടാംവാരം മുതൽ കൽറായൺ കുന്നിൽ പ്രവർത്തനം ആരംഭിച്ചിരിക്കുന്നു. ഇവർക്കായി പ്രാർത്ഥിക്കുവിൻ.

*പ്രധാന പ്രാർത്ഥനാ വിഷയങ്ങൾ:*

1. ആരാധനകൾക്കും സാക്രമന്തുകൾക്കും ശുശ്രൂഷകൾക്കും തമിഴ് ഭാഷയിൽ നേതൃത്വം നൽകാൻ കഴിവുള്ള ഒരു പട്ടക്കാരന്റെ കുടുംബസമേതമുള്ള സേവനം ലഭിക്കേണ്ടതിനായി...
2. ഗ്രാമ സുവിശേഷീകരണം ശക്തിയായി നടത്തപ്പെടേണ്ടതിനായി...
3. അവിടെ നടത്തിപ്പോരുന്ന സ്കൂൾ നേരിടുന്ന പ്രതിസന്ധികൾ പുതിയ അദ്ധ്യായന വർഷത്തിൽ നീങ്ങിപ്പോകുന്നതിനായി...
4. പുതുതായി ആരംഭിച്ച ക്ലിനിക്കിലെ നഴ്സിന്റെ പ്രവർത്തനം കൂടുതൽ പ്രയോജനകരമാകേണ്ടതിനായി...
5. ആരാധനകളിൽ കൂടുതൽ പുരുഷന്മാർ പങ്കെടുക്കേണ്ടതിനായി...
6. വേൾഡ് വിഷൻ വാഗ്ദാനം ചെയ്തിരിക്കുന്ന 5 ഏക്കർ വസ്തുവിന്റെയും അതിലുള്ള കെട്ടിടങ്ങളുടെയും കൈമാറ്റം എത്രയും വേഗത്തിൽ നടത്തപ്പെടേണ്ടതിനായി...

***കൺവീനർ***


# CHURCH VOICE

10th year of publication

JULY 2012

EDITORIAL BOARD

**Chief Editor**

Rev. C.R. Vincent

**Editor**

Christenson E. Sarasam

Rev. Dr. L.E. Sahanam

Rev. E. Sunin Spenzer

Dr. Samson Nessiah

T. Jayakumar Alfred



**Address:**

The Editor

Church Voice

M.M. Church

L.M.S. Compound

Trivandrum - 695 033

Ph: 2311347



Articles / Feedback may be sent to : churchvoice@gmail.com before 15th of every month

Church Voice can be read online at our website

www.mateermemorialchurch.com


*Editorial..................*

## ABIDE IN THE LORD ALWAYS

As long as we are in the world, we are in the enemy's territory and under constant attack. Only loyal and committed Christians can maintain the precious treasurers of this land. Are we willing to pay the price? **Every man born into this world is a slave, whether he admits it or not**. This sounds very humiliating, but, since God says so, it is a fact.

The world has a god whom it follows blindly: Satan, who is God's adversary. Practical experience shows that people serve him willingly. "Every one that practises sin is the bondman of sin". We are without power to liberate ourselves from this bondage. "Let not sin therefore reign in your mortal body" (Romans 6:12). We cannot help serving sin and Satan unless One who is stronger than both comes and delivers us from these. **For the true Christian, all the time for his earthly sojourn is a season of self-examination and self-surrender to the Lord.**

The value of what we do largely depends very much upon what we are. **And what we are depends upon where we abide.** "He that dwelleth in the secret place of the most High shall abide under the shadow of the Almighty" (Psalms 91:1). **Do we willingly and habitually abide in the secret place of the Most High?** Thereby, we dwell in the source of fuller life, with all faithfulness and fruitfulness. The refreshing rain of the Word must enter our souls if we are to enjoy the brightness of the sunshine of the Lord's glory and love. What a prospect of blessing for a vibrant life?

**Christenson E. Sarasam**

Editor

## *The Presbyter Speaks....*



**Theme of the Year :**
('Pastoral Ministry in the Urban Context')
"Empowering the congregation in God's Mission"

Dearly beloved in Christ,

Loving greetings to you in the mighty name of our Lord and Saviour Jesus Christ, the source of eternal life.

Golden verse of the month:

"Not every one that saith unto me, Lord, Lord, shall enter into the Kingdom of Heaven; but he that doeth the will of my father which is in heaven" (Mathew 7:21)

**"എന്നോടു കർത്താവേ, കർത്താവേ എന്നു പറയുന്നവൻ ഏവനുമല്ല. സ്വർഗ്ഗസ്ഥനായ എന്റെ പിതാവിന്റെ ഇഷ്ടം ചെയ്യുന്നവൻ അത്രേ സ്വർഗ്ഗരാജ്യത്തിൽ കടക്കുന്നത്." (മാത്യു 7:21)**

Looking for an ideal place for bright future is a common nature. Being Christians we look to heaven as an ideal place for our future. Our Lord and Saviour Jesus Christ has clearly taught us that the ideal place for our life is the eternal place called 'Heaven'. If we could look for this ideal place, we will be able to receive the blessings of the Lord for our bright future. Jesus says that "seek ye first the kingdom of God, and his righteousness; and all these things shall be added unto you". ie. Our Lord knows that if we see his kingdom, we will get all things that we need for our life in this world. Therefor we need not be anxious about future life. (Matt. 6:31-34). But we have to do the will of the father in heaven.

The Gospel according to St. Mathew is the fist book of New-Testament. In this St. Mathew gives more emphasis to the eternal life because basically Matthew was a man of secular field ( a tax collector) and he became one of the Apostles of Christ. He wrote an Aramaic Gospel in the Aramaic language and afterwards it was translated into Greek between 60 and 64 A.D. The traditional belief about the date of this Gospel is 37 AD. But the general view of the scholars is that this Gospel came into existence between 50 and 70 AD. The purpose of this Gospel is to reveal Jesus as the legal heir to the throne of King David. Jesus is the 'Son' of David, the King of Jesus. As Jesus is in the lenage Kind David and the son of God He wants us to keep our future towards the Heavenly blessings.



We, Christian community are called to receive the gift of eternal life in Heavenly Kingdom. The essential characteristic of this life, which the community shares with other fellow beings is the God given privilege of caring and protecting to human kind. The Selfishness is against the will of God, who gives and affirms the life in its fullness. As we read in this passage of St. Mattew reward is the basis of the will of God. There is eternal joy and happiness and above all life in abundance in Jesus Christ the Lord of life. It is a blessed state which is ideal place in heaven. May the God of life enable and empower us to enter into the Kingdom of Heaven in all that we do and in all we say with the help of Holy spirit in this season of Pentecost.

St. Thomas Day on 3rd July.

St. Thomas Apostle of India, came to India in 52 A.D. When Jesus Christ appeared to St. Thomas, he (St.Thomas) revealed the fundamental truth to the world particularly to the Indians. The "Daring Personality", St. Thomas came to India without fear and proclaimed Christ as the Lord and Saviour of Indian Christians let us also follow the same to witness Christ.

Seminary Sunday on 8th July.

As we remember St.Thomas we have set apart the month of July for the apostolic work. In the Same manner we are remembering the mission of church and are sending our representatives for Theological colleges. The training institutions also are equipping them. With resources. Through observing Seminary - Sunday our seminary, Kots is also trying to meet the believers in the church and in their homes for generating funds to fulfill the upcoming needs. Please do participate with your whole hearted support prayerfully for this venture.

Major Magdalene day on 22nd July.

An eminent leader Mary magdalene wea one of the personalities who participate in the exception work of the Kingdom of God. Jesus acknowledged her in an exceptional way and encouraged in mission (John 20:11-18, 8:2-3) Let us also try to follow the mission activities of apostles in and through the church and with its agencies.

With warm regards and prayers,

Yours in Christ,
**Vincent Achan**

## From the Secretary's desk.................



Dear members of M.M. Church family,

We have travelled through the former half of 2012. Let us thank God for sustaining us during this period and pray to God craving for His blessings during the latter half of 2012 too!

**Mr. Matin Daniel** has consented to help us by being a **Voluntary Executive** in our Church office. May God make his services useful to the church and its congregation!

**Rev. Ramesh Raj** has been proposed to be the missionary among the migrant-workers in the city as a part of City Mission Work.

'Permament Travel Allowance', to the Sexton and Parish assistants have been raised by Rs. 500/- per month.

**Mr. Mathew Gainneos and Mrs. Jaima Gainneos** have donated Rs. 5 lakhs to start an endowment fund in memory of their daughter **Priya Gainneos.** The interest from the fund will be used for the uplift of poor and needy. Let us thank and appreciate their concern for the underprivileged. The General Body meeting of the church is scheduled for 15th July 2012. The annual budget for 2012 - 13 will be the main agenda.

**Permanent membership** in our church has been accorded to the following familiies:-

1. Dr. Binu Johnon, TC. 32/756, Dr.V.S. Road, Beach P.O.
2. Mr. Chellathangam, TC. 8/1933-4, Elipode.
3. Mr. Baiju, Flat No. 10, Housing Board Colony, PTP Nagar.

Let us gladly welcome these families into our spiritual fellowship!

The love of Jesus Christ prompted us to undertake the following charitable offerings:-

**Marriage aids:**

1. Santha, Working Women's Hostel - Rs. 5,000/-
2. Athira, Prathyasa Bhavan - Rs. 2,000/-

**Medical aids:**

1. Nalini, Malayinkil - Rs. 1000/-
2. Mr. Vineesh Dhas, Pothencode - Rs. 2,000/-
3. Dhasamma, Plamoodu - Rs. 2,000/-
4. Leela, Panakode - Rs. 500/-
5. Preskilla, Panachamoodu - Rs. 2,000/-
6. Jeevaratnam, Pulayanarkotta - Rs. 2,000/-



**Educational aid:**

1. Radhakumari, Rekshapuri - Rs. 2,000/-
2. Through the Diocese - Rs. 10,000/-

This is in addition to the notebooks worth Rs. 63,250/- distributed through our Church under the convenorship of Smt. Griselda Wills.

**Orbiturary:**

Mrs. Sarasamma E.J. (Wife of late Sri. Levy) and Mr. Sarasamma Yesudas (Vattappara) were called to eternal rest on 19.06.2012 and 21.06.2012 respectievely. Let us uphold the family members in our prayers.

**Dr. Samson Nessiah**
Church Secretary

### *In Loving Memory of*

| ROLANDS NAYAGAM | PRADEEPAN ROLANDS | GUNASUDAN ROLANDS |
|---|---|---|
|  |  |  |
| 25.07.1990 | 05.07.2000 | 27.08.2004 |

*RESTING IN THE ARMS OF JESUS*
*WHERE THERE IS NO PAIN, NO SORROWS,ONLY PEACE.*
*Time, the Great Healer only Failed.*

***By Mrs. Bella Rolands***



**4th Death Anniversary**
**on 05-07-2012**

*In ever loving memory of*

***My Beloved Husband***

**SAMUEL DAVID ALEX**

**(Rohini Villa, Karamana, Trivandrum)**

***J. Vimala Alex, Wife*** *(Retd Teacher)* ***and Sorrowing Family***

# MM CHURCH

## ANNUAL GOSPEL CONVENTION 2012

**പ്രാസംഗികൻ : വെരി റവ. പൗലോസ് കോർ എപ്പിസ്കോപ്പ പാറേക്കര**

**Dates : 18.09.2012 – 21.09.2012** (ചൊവ്വ, ബുധൻ, വ്യാഴം, വെള്ളി)



***പ്രാസംഗികനെപ്പറ്റി :*** പ്രശസ്തനായ കൺവെൻഷൻ പ്രസംഗകൻ. ദൈവത്തിൽ നിന്നും കരഗതമായ പ്രത്യേക പ്രസംഗ ശൈലിയിലൂടെ മനുഷ്യ മനസ്സുകളിലേക്കു കടന്നു ചെല്ലുന്ന ശ്രേഷ്ഠ പുരോഹിതൻ. ശാലോം റ്റി.വി.യിൽ എല്ലാ വ്യാഴാഴ്ചയും വൈകുന്നേരം 6.30നും മറ്റു റ്റി.വി. ചാനലുകളിൽ വിവിധ സമയങ്ങളിലും അച്ചൻ വചന പ്രഘോഷണം നടത്തി വരുന്നു. **നമ്മുടെ സഭയുടെ സെന്റിനറി ആഘോഷവേളയിൽ നടന്ന ഗോസ്പൽ കൺവെൻഷനിൽ മുഖ്യ പ്രാസംഗികനായിരുന്നു പാറേക്കര അച്ചൻ**. വിവിധ യാക്കോബയാ സഭകളിൽ വികാരിയായിര സേവനമനുഷ്ഠിച്ച അച്ചൻ 2011-ൽ കോർ എപ്പിസ്കോപ്പായി ഉയർത്തപ്പെട്ടു. **അച്ചന്റെ ഔദ്യോഗിക ചുമതലകളുടെ കാരണങ്ങളാൽ ചൊവ്വ, ബുധൻ, വ്യാഴം, വെള്ളി (2012 സെപ്റ്റംബർ 18, 19, 20, 21) എന്നീ ദിവസങ്ങളിലാണു യോഗങ്ങൾ ക്രമീകരിക്കാൻ കഴിഞ്ഞത്.** ഇത് പ്രത്യേകം ശ്രദ്ധിക്കുകയും കൺവെൻഷന്റെ വിജയത്തിനായി പ്രാർത്ഥിക്കുകയും, പങ്കെടുക്കുകയും ചെയ്യണമെന്ന് സവിനയം അറിയിക്കുന്നു.

**വിക്ടർ ഇ. ജോസഫ്** (സെക്രട്ടറി, ഗോസ്പൽ ബാൻഡ്)

### സണ്ടേസ്കൂളിന്റെ ആഭിമുഖ്യത്തിൽ 3.6.2012ന് നടത്തപ്പെട്ട ജോൺസൺ മെമ്മോറിയൽ ബൈബിൾ വാക്യ മത്സര വിജയികൾ

***Below 12 years***

| | | | | |
|---|---|---|---|---|
| Ist Prize | - | Joseena Josh | - | 523 verses |
| 2nd Prize | - | Brigitta W.L. | - | 435 verses |
| 3rd Prize | - | Preetha Bose | - | 415 verses |

***Above 12 years***

| | | | | |
|---|---|---|---|---|
| Ist Prize | - | Anseela J. Das | - | 1303 verses |
| 2nd Prize | - | Dharsin Priya | - | 724 verses |
| 3rd Prize | - | S. Merlin | - | 539 verses |

**കലാമത്സരങ്ങൾ 2012**

സഭാതലത്തിലുള്ള കലാമത്സരങ്ങൾ ജൂൺ 10, 17, 24 എന്നീ ഞായറാഴ്ചകളിൽ നടത്തപ്പെട്ടു.

**അഡ്വ. എ. സഗുണരാജ്**
എസ്.എസ്. സെക്രട്ടറി





# ഹാബേൽ

**- ജെ. സാം**

**"വിശ്വാസത്താൽ ഹാബേൽ ദൈവത്തിന്നു കയിന്റേതിലും ഉത്തമമായ യാഗം കഴിച്ചു"(എബ്രാ. 11:4)**

ഹാബേലിന്റെ രൂപവും നടപ്പും വസ്ത്രവുമെല്ലാം വിശ്വാസ കണ്ണുകളാൽ സങ്കൽപിച്ചുനോക്കുവിൻ. അവൻ ലോകത്തിൽ ജീവിച്ച ആദ്യത്തെ നീതിമാനും വിശുദ്ധനുമാകുന്നു. ആദ്യത്തെ വിശ്വാസവീരൻ; ആദാമിന്റെ രണ്ടാമത്തെ മകൻ; ആടുകളെ മേയിക്കുന്ന തൊഴിൽ ചെയ്തിരുന്നു.

''ഹാബേൽ'' എന്ന വാക്കിനു "ശ്വാസം" എന്നാകുന്നു അർത്ഥം. ഹാബേലിന്റെ കാലത്ത് രണ്ടേ രണ്ടു തൊഴിൽ മാത്രമേ ഉണ്ടായിരുന്നുള്ളൂ. ഒന്ന് കൃഷിപ്പണി, രണ്ട് ആടുകളെ മേയിക്കൽ. ഹാബേലിന്റെ മൂത്ത സഹോദരനായ കയീൻ കൃഷിക്കാരനായിരുന്നു.

യഹോവെക്കു വഴിപാടു കൊടുക്കണമെന്ന ചിന്ത കയീനും ഹാബേലിനും ഉണ്ടായി. എന്നാൽ ഹാബേൽ എന്തെങ്കിലും വഴിപാടു പേരിനു കൊടുക്കണമെന്നു കരുതാതെ യഹോവെക്കു പ്രസാദമായ വഴിപാടു നൽകണമെന്നു ആഗ്രഹിച്ചു. വിശ്വാസം നിമിത്തം തന്റെ ഹൃദയം കൊണ്ടു യേശു കർത്താവ് ലോകത്തിന്റെ പാപം ചുമക്കുന്ന ദൈവത്തിന്റെ കുഞ്ഞാടായി വരുമെന്നു മനസ്സിലാക്കി (യോഹ. 1:29). അവൻ ലോകസ്ഥാപനം മുതൽ അറുക്കപ്പെട്ട കുഞ്ഞാടാകുന്നു (വെളി. 13:8). ആകയാൽ ഹാബേൽ, കയീന്റെ വഴിപാടിനേക്കാൾ ശ്രേഷ്ഠമായ യാഗം ദൈവത്തിനു സമർപ്പിച്ചു. അതുകൊണ്ടു ഹാബേലിന്നു "നീതിമാൻ" എന്ന സാക്ഷ്യം ലഭിച്ചു.

ഹാബേലിന്റെ ഹൃദയത്തെ നോക്കുവിൻ. തന്റെ ആട്ടിൻ കൂട്ടത്തിലെ കടിഞ്ഞൂലുകളിൽ നിന്നു, അവയുടെ മേദസ്സിൽ നിന്നു തന്നേ, ഹൃദയപൂർവ്വം ഒരു വഴിപാടു കൊണ്ടു വന്നു. കർത്താവിനെ ബഹുമാനിക്കണം; അവന്റെ ഹൃദയത്തെ ആനന്ദിപ്പിക്കണം എന്ന ചിന്ത ഹാബേലിനുണ്ടായിരുന്നു. ഇത് ദൈവീക സ്വഭാവമല്ലേ?

പ്രിയ ദൈവമക്കളേ, നിങ്ങളുടെ മികച്ച സമയത്തെ കർത്താവിനായി നൽകുവിൻ. "എന്നെ ജാഗ്രതയോടെ അന്വേഷിക്കുന്നവർ എന്നെ കണ്ടെത്തും" (സദൃ.8:17). ''നിങ്ങളുടെ യൌവ്വനം കർത്താവിനായി നൽകുവിൻ. നിന്റെ യൌവ്വന കാലത്തു നിന്റെ സൃഷ്ടാവിനെ ഓർത്തുകൊൾക" ( സഭാ. 12:1) യുവപ്രായത്തിലുള്ള നിങ്ങളുടെ കുഞ്ഞുങ്ങളെ കർത്താവിനായി പ്രതിഷ്ഠിക്കുവിൻ.

ഹാബേലിന്റ വഴിപാടിൽ ജീവൻ ഉണ്ടായിരുന്നു. ഹാബേൽ ചെലുത്തിയ വഴിപാടുകളെ കർത്താവ് അംഗീകരിച്ചതിനാൽ ഹാബേൽ ആദ്യത്തെ രക്തസാക്ഷിയായി മരിക്കേണ്ടിവന്നു. ആദ്യത്തെ രക്തസാക്ഷിയായ ഹാബേലിനെ സന്ദർശിച്ച നമുക്ക് നമ്മെത്തന്നെ ജീവനും വിശുദ്ധിയും ദൈവത്തിന്നു പ്രസാദവുമുള്ള യാഗമായി കർത്താവിന് സമർപ്പിക്കാമോ? (റോമ. 12:1)

**ഹാബേലിന്റെ രക്തത്തേക്കാൾ ഗുണകരമായി സംസാരിക്കുന്ന പുണ്യാഹരക്തത്തിന്നും അടുക്കലത്രേ നിങ്ങൾ വന്നിരിക്കുന്നതു (എബ്രാ. 12:24)**

# Always in Gods Control

Dr. M.C. Philipose

The common mistake we do is that when we concentrate on one thing we tend to neglect the other. For example, when we happen to hear good music or speak on our cell phones we even forget our circumstances. That is why the police advice, “Do not use cellphones while driving”. Today, accidents are on the increase because of this one reason- inability to concentrate on more than one item of work. However, there are people who can do more than one item of work at the same time without getting distracted. We call them ‘multitasking’ personalities. Praise God for such people.

**Most of us want to do ‘something’ for the Lord, out of our enthusiasm, our zeal and fervor to serve Him. In the process we tend to forget God Himself. ‘Dangerous’. Isn’t it? What happens when we neglect God and concentrate on doing His work? We soon get drowned in the work, and ultimately lose our joy. We feel crushed by the enormity of the task, we feel exhausted and spent, and we even feel it is better to quit rather than continue the work of God!**

Oswald Chamber writes: “**A worker without this solemn dominant note of concentration on God is apt to get his work on his neck; there is no margin of body, mind or spirit free, consequently he becomes spent out and crushed**”.

Dear friends, however there is another side to this. When we concentrate on God, His presence and fellowship, we transfer our burden on Him and He takes control of the work we do. All we have to do is to sincerely give our wholehearted devotion to the work assigned to us, trusting that He will take care of everything. Again, it is **Oswald Chambers** who said: **“God engineers everything; wherever He puts us our one great aim is to pour out a wholehearted devotion to Him in that particular work**. So rather than getting burnt out by our work, let us concentrate on God and be devoted to the work He has assigned. “Commit thy works unto the Lord and thy thoughts shall be established” (Proverbs 16:3)

*In God’s works we see His hand, in His Word we hear His heart.*





# പരീക്ഷ വിജയികൾക്ക് സഭയുടെ അഭിനന്ദനങ്ങൾ



**Roshna Raj**
CBSE X



**Sandra A.**
ICSE X



**Gayathri Pushpitha Chandran**
CBSE X



**Benija Jayadas**
CBSE X



**Nevin Isaac Lal**
ICSE X



**Sandra Johns**
CBSE X



**Delin C.**
CBSE X



**Jelitta Justin Jose**
ICSE X



**Reshma Titus**
SSLC X



**Anjana U.S.**
Plus Two



**Benito Jayadas**
CBSE XII



**Roy Y.A.**
Plus Two



**Abby John C.S.**
SSLC



**Anish U.S.**
SSLC

വിദ്യാഭ്യാസ മേഖലയിൽ നമ്മുടെ കുഞ്ഞുങ്ങളെ ദൈവം സമൃദ്ധിയായി അനുഗ്രഹിച്ചിരിക്കുന്നു. Class Ten/ Plus Two തലങ്ങളിൽ നമ്മുടെ കുട്ടികൾ ഉന്നത മാർക്കും ഗ്രേഡും കരസ്ഥമാക്കിയിരിക്കുന്നു. ദൈവാശ്രയത്തോടുകൂടെയുള്ള ഉപരിപഠനം ശോഭനമായിത്തീരട്ടെ എന്ന് സഭയായി നമുക്ക് പ്രാർത്ഥിക്കാം; ആശംസിക്കാം!

യഹോവ ഭക്തി ജ്ഞാനത്തിന്റെ ആരംഭവും പരിശുദ്ധനെക്കുറിച്ചുള്ള പരിജ്ഞാനം വിവേകവും ആകുന്നു. (സദൃശവാക്യങ്ങൾ 9:10)



**Jeena Justus**
Plus Two



**Ancy S.S.**
ISC XII



**Tessy Ann Samuel**
ISC XII

# ദൈവത്തിന് അസാദ്ധ്യമായതൊന്നുമില്ല

- കെ.എം. ഫിലിപ്പ്

യിരെമ്യാവ് 32:17, 27 എന്നീ വാക്യങ്ങളും ലൂക്കോസ് 1:37; 18:27 എന്നീ വാക്യങ്ങളുമാണ് ദൈവത്തിന് സകലവും സാദ്ധ്യമെന്ന് പ്രതിപാദിക്കുന്ന നാലു വേദപുസ്തക ഭാഗങ്ങൾ.

“ഞാൻ സകല ജഡത്തിന്റെയും ദൈവമാകുന്നു. എനിക്ക് കഴിയാത്ത വല്ല കാര്യവുമുണ്ടോ?” എന്നാണ് ദൈവം ചോദിക്കുന്നത്.

അസാദ്ധ്യങ്ങളെ സാദ്ധ്യമാക്കുന്നവനാണ് നമ്മുടെ ദൈവം. **മറിയയോട്** ദൂതൻ സംസാരിക്കുമ്പോൾ **എലിശബത്തിനെക്കുറിച്ച്** പറയുന്നത് ഇപ്രകാരമാണ്. “അവൾ വാർദ്ധക്യത്തിൽ ഒരു മകനെ ഗർഭം ധരിച്ചിരിക്കുന്നു. ദൈവത്തിന് ഒരു കാര്യവും അസാദ്ധ്യമല്ലല്ലോ” മാനുഷികമായി അസാദ്ധ്യമായത് ദൈവത്തിന് സാദ്ധ്യമാണ്.

നാലു സുവിശേഷങ്ങളിലും ഒരു പോലെ പ്രതിപാദിക്കുന്ന സംഭവമാണ് അയ്യായിരം പുരുഷന്മാരെ പോഷിപ്പിക്കുന്നത്. യേശുവിന്റെ അത്ഭുതങ്ങളിൽ ഇത്രയും അധികം ആളുകൾ പങ്കാളികളാകുന്ന ഏക അത്ഭുതമാണിത്. മാനുഷികമായി അസാദ്ധ്യമായ സാഹചര്യത്തിൽ യേശു പ്രവർത്തിക്കുന്നു. ഒരു പക്ഷേ നമുക്ക് പല ചോദ്യങ്ങൾ മനസ്സിൽ ഉയർന്നു വന്നേക്കാം. എന്നാൽ നമ്മുടെ കണക്കുകൂട്ടലുകൾക്കപ്പുറമായി ദൈവത്തിന് പ്രവർത്തിക്കാൻ കഴിയും.

പുതിയ അദ്ധ്യായന വർഷത്തിലേക്ക് നാം പ്രവേശിച്ചിരിക്കുകയാണല്ലോ. ഈ വർഷം അസാദ്ധ്യങ്ങളെ സാദ്ധ്യമാക്കുന്ന ഒരു വർഷമായി കാണുവാൻ കഴിയുമോ? അതിനായി ദൈവത്തിലാശ്രയിക്കാനും ദൈവകരങ്ങളിൽ വിട്ടു കൊടുക്കുവാനും നമുക്ക് കഴിയുമോ? സകല ജഡത്തിന്റെയും ദൈവം നമ്മോട് കൂടെയുണ്ട്. അവനിൽ ആശ്രയിക്കാം. ദൈവം അതിനു കൃപ ചെയ്യട്ടെ.

## സ്വർഗ്ഗീയ യെരുശലേം



പ്രശസ്ത ക്രിസ്തീയ സംഗീതജ്ഞരുടെ ഗാനങ്ങളും നമ്മുടെ സണ്ടേസ്കൂൾ കുട്ടികളുടെ നൃത്തം/ കോറിയോഗ്രാഫി എന്നിവയും ഉൾപ്പെടുത്തിക്കൊണ്ട് പാരിഷ് അസിസ്റ്റന്റ് പുറത്തിറക്കിയ **സ്വർഗ്ഗീയ യെരുശലേം DVD** (വില 80 രൂപ) റവ. ഡോ. എൽ.ഇ. സഹനം സണ്ടേസ്കൂളിൽ പ്രകാശനം ചെയ്തു. ഈ ഡി.വി.ഡി. നമ്മുടെ കുഞ്ഞുങ്ങൾക്ക് അനുഗ്രഹം പകരട്ടെ എന്ന് ആശംസിക്കുന്നു.

## പ്രസിദ്ധീകരണങ്ങൾ പ്രതീക്ഷിക്കുന്നു...

**മാതാപിതാക്കൾ വൃദ്ധ മന്ദിരങ്ങളിൽ പാർക്കേണ്ടി വരുന്നത് അവരെ ഏറ്റെടുത്ത് ശുശ്രൂഷിക്കാൻ മക്കൾക്ക് താല്പര്യമില്ലാത്തതുമൂലമല്ലേ?**

*നിങ്ങളുടെ പ്രതികരണം എഴുതി അയച്ചുതരുവിൻ. തിരഞ്ഞെടുക്കപ്പെടുന്ന പ്രതികരണം അടുത്ത ലക്കം മാസികയിൽ പ്രസിദ്ധീകരിക്കുന്നതാണ്.* എഡിറ്റർ

# Divine Healing

**Dr. Florence Isaac**

The most important thing we need to know is that God wants us to be healed and blessed. Healing belongs to us. **The most thrilling news in the world is that there is a cure for humanity's ills**. God has provided the medicine and that "medicine" is Christ Jesus. Jesus is the Healer. This cure was provided two thousand years ago when that whip was laid across His back. "He was wounded for our transgressions. He was bruised for our iniquities, the chastisement of our peace was upon Him; and with His stripes we are healed" (Isaiah 53:5). Christ provided deliverance from sin and sickness for us when He purchased our twofold redemption at Calvary. The Lord said: "I am the Lord that healeth thee" (Exodus 15:28). Psalm 107:20 says "He sent His word and healed them". **Jesus healed the sick because of His compassion (Mathew 14:14). Secondly Jesus healed because of His hatred for the works of the devil.**

The Heavenly Father's healing mercies are available to us as His children because of the blood of Jesus.

We must be familiar with all the "prescriptions" for healing in the word of God (Psalm 30:2; 103:3; Jeremiah 17:14; 30:17; 33:6; Hosea 6:1; 3 John 1:2). Meditate on God's word concerning divine healing day and night and pray with faith. The book of proverbs 4:22 says, **"Gods words are life unto those that find them and health to all their flesh".**

Christ is the living word and the Holy Spirit is His voice. It is by the divine power -the power of the Holy Spirit that Jesus heals. We must make sure that we acknowledge the leadership of the Holy Spirit in every area of our lives including our pursuit of healing. He will give strength and vitality to our bodies and direct our path each step of the way until we receive the desire of our hearts - a life of divine health. Cling closely to Jesus our healer and He will surely heal you. Perseverance in prayer is of great importance in obtaining divine health.

Jesus the sovereign Healer, the One who made us knows how to mend us. He is the Great Physician - the only One who can heal the body, soul and spirit. His diagnosis is accurate, His treatment is gentle, His results are wonderful.

JEHOVA RAPHA - How awesome!

*God has promised to supply all our needs, not all our wants.*

# വിശ്വാസ ത്യാഗം


## -ബെഞ്ചമിൻ മോസസ്

ഫോൺ: 9447246599; e-mail : benjaminpilgrim@hotmail.com


ക്രിസ്തീയസഭയ്ക്കു വിശ്വാസപ്രമാണമായിരിക്കുന്നതു സത്യവേദപുസ്തകമാണ്. പ്രത്യേകിച്ചും, സഭയുടെ തലയായ യേശുക്രിസ്തുവിന്റെ ജീവിതവും ഉപദേശങ്ങളും അടങ്ങിയ പുതിയ നിയമമാണ് സഭയുടെ നിയമപുസ്തകം. മോശെയുടെ ന്യായ പ്രമാണത്തിലും പ്രവാചക പുസ്തകങ്ങളിലും സങ്കീർത്തനങ്ങളിലും യേശുക്രിസ്തുവിനെക്കുറിച്ച് എഴുതിയിരിക്കുന്നത് നിവൃത്തിയാകേണ്ടതിന് ക്രിസ്തു മരിക്കുകയും മൂന്നാം നാൾ ഉയിർത്തെഴുന്നേൽക്കുകയും അവന്റെ നാമത്തിൽ മാനസാന്തരവും പാപമോചനവും പ്രസംഗിക്കണമെന്ന് ശിഷ്യന്മാരോട് കല്പിക്കുകയും ചെയ്തു (ലൂക്കൊ 24:44-47). ആകയാൽ **ക്രിസ്തുവിന്റെ ഉപദേശത്തെ വിട്ട് എവിടെപ്പോയാലും നമ്മുടെ ജീവിതത്തിനു നില നിൽക്കുന്ന അടിസ്ഥാനം കണ്ടെത്തുകയില്ല.** ക്രൈസ്തവസഭയല്ല ആദ്യം ഉണ്ടായത്. ആദിയിൽ ഉണ്ടായിരുന്നത് വചനമാണ്. ആ വചനമാണ് ജഡമായിത്തീർന്ന് കൃപയും സത്യവും മനുഷ്യനു വെളിപ്പെടുത്തിയത് (യോഹ 1:1, 14. 17:17). ക്രിസ്തീയ വിശ്വാസം ഉണ്ടാകേണ്ടത് ക്രിസ്തുവിന്റെ വചനത്തിൽ നിന്നു മാത്രമാണ് (റോമ 10:17). ആത്മീയ അനുഭവങ്ങളോ അനുഭൂതികളോ അത്ഭുതങ്ങളോ ഉണ്ടായാലും ഉണ്ടായില്ലെങ്കിലും ദൈവവചനത്തിന് മാറ്റമില്ല. **ഇന്നത്തെ വിശ്വാസികളിൽ ബഹുഭൂരി പക്ഷവും ദൈവവചന വിരുദ്ധമായ ദുരുപദേശങ്ങളും ദുരാചാരങ്ങളും എന്തെന്നറിയാതെ വിശ്വാസത്യാഗത്തിലേക്ക് നീങ്ങിക്കൊണ്ടിരിക്കുന്നു.** “മനുഷ്യപുത്രൻ വരുമ്പോൾ അവൻ ഭൂമിയിൽ വിശ്വാസം കണ്ടെത്തുമോ” എന്നു കർത്താവ് പറഞ്ഞു (ലൂക്കോ 18:8). “...ഭാവികാലത്ത് വ്യാജാത്മാക്കളെയും ഭൂതങ്ങളുടെ ഉപദേശങ്ങളെയും ആശ്രയിച്ച് ഭോഷ്ക് പറയുന്നവരുടെ കപടത്താൽ വിശ്വാസം ത്യജിക്കും എന്ന് ആത്മാവ് തെളിവായി പറയുന്നു” (1 തിമൊ 4:1). മുമ്പൊരിക്കലും ഇല്ലാത്തവിധം ഇന്ന് വർദ്ധിച്ചുവരുന്ന മതപ്രസംഗങ്ങളും പ്രഭാഷണങ്ങളും ഇതിനു തെളിവുകളാണ്.

എന്താണ് വിശ്വാസത്യാഗം എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. ‘അപ്പോസ്റ്റസി’ എന്ന ഇംഗ്ലീഷ് വാക്കിന്റെ നാനാർത്ഥങ്ങളാണ് വിശ്വാസ ത്യാഗം, വീണു പോകുക, നിരസിക്കുക, മത്സരിക്കുക, കാലുമാറുക, തിരിഞ്ഞുപോകുക എന്നിവ. ദൈവത്തെ ത്യജിക്കുക, ദൈവകൃപയിൽ നിന്നു വീണുപോകുക, ദൈവത്തിന്റെ കല്പനകളെ അനുസരിക്കാതെ മത്സരിക്കുക, വിശ്വാസത്തിൽ നിന്നും പിന്മാറ്റത്തിലേക്കു പോകുക എന്നൊക്കെ ഇതിനെ വാഖ്യാനിക്കാം. **ഒരിക്കൽ വിശ്വാസം ഉണ്ടായിരുന്നവർക്കാണ് വിശ്വാസത്യാഗം സംഭവിക്കുക** എന്നത് ഈ വിഷയത്തെ അധികം ഗൗരവമുള്ളതാക്കുന്നു.

**ക്രിസ്തീയ വിശ്വാസത്തിന്റെ പ്രധാനമായ രണ്ടു തലങ്ങൾ.**

1. മനുഷ്യന്റെ പാപത്തിന്റെ, അതായത് സ്വന്തം ഇഷ്ടപ്രകാരം ജീവിക്കുന്നതിന്റെ



ശിക്ഷയിൽ നിന്നു രക്ഷിക്കുവാൻ ദൈവം പൂർത്തികരിച്ച ദൗത്യത്തിലുള്ള വിശ്വാസമാണ് ഒന്നാമത്തെ തലം. അതായത് യേശു ക്രിസ്തു നമ്മുടെ പാപങ്ങൾക്കു പരിഹാരം വരുത്തുവാൻ തിരുവെഴുത്തിലെ പ്രവചനങ്ങൾ നിവർത്തീകരക്കേണ്ടതിന് ഈ ഭൂമിയിൽ വരികയും, ജീവിക്കുകയും, പ്രവർത്തിക്കയും, പഠിപ്പിക്കുകയും, മരിച്ചു അടക്കപ്പെടുകയും, മൂന്നാം നാൾ ഉയിർത്തെഴുന്നേൽക്കുകയും, വീണ്ടും വരികയും ചെയ്യും എന്നു ഹൃദയപൂർവ്വം വിശ്വസിക്കുകയും ആത്മശാന്തി അഥവാ നിത്യജീവൻ പ്രാപിക്കുകയും ചെയ്യുക (1 കൊരി 15:14. റോമ 10:9. യോഹ 20:31). മതങ്ങളിൽ നിന്നു സുവിശേഷത്തിനുള്ള പ്രത്യേകത ഇതാണ്. **എല്ലാമതങ്ങളും മരിച്ചവരുടെ ആത്മശാന്തിക്കായി പ്രാർത്ഥിക്കുമ്പോൾ, യേശു ക്രിസ്തു പൂർത്തികരിച്ച പാപപരിഹാര ബലിയെ, മനുഷ്യൻ ഹൃദയപൂർവ്വം വിശ്വസിക്കുകയും ഏറ്റുപറയുകയും ചെയ്യുമ്പോൾ തന്നെ ആത്മശാന്തി പ്രാപിക്കുന്നു** (റോമ 6:23; 10:9: എഫെ 2:1).

2. ശിക്ഷയിൽ നിന്നും രക്ഷിക്കപ്പെട്ടവർക്ക് അതായത് ആത്മശാന്തി പ്രാപിച്ചവർ വീണ്ടും ഈ ഭൂമിയിൽ മരണം വരെയോ ക്രിസ്തുവിന്റെ രണ്ടാം വരവു വരെയോ ജീവിച്ചേ മതിയാകൂ. മരണം വരെ ജീവിക്കുന്നതിനുള്ള ഈ വിശ്വാസമാണ് രണ്ടാമത്തെ തലം. ഇതിനെക്കുറിച്ച് വേദപുസ്തകം പറയുന്നത് ശ്രദ്ധിക്കുക, “ഇനി എത്രയും അല്പകാലം കഴിഞ്ഞിട്ടു വരുവാനുള്ളവൻ വരും, താമസിക്കുകയില്ല. എന്നാൽ എന്റെ നീതിമാൻ വിശ്വാസത്താൽ ജീവിക്കും; പിന്മാറുന്നുവെങ്കിൽ എന്റെ ഉള്ളത്തിൽ അവനിൽ പ്രസാദമില്ല. നാമോ നാശത്തിലേക്കു പിന്മാറുന്നവരുടെ കൂട്ടത്തിലല്ല, വിശ്വസിച്ചു ജീവരക്ഷ പ്രാപിക്കുന്നവരുടെ കൂട്ടത്തിലത്രേ ആകുന്നു. വിശ്വാസം എന്നതോ ആശിക്കുന്നതിന്റെ ഉറപ്പും കാണാത്ത കാര്യങ്ങളുടെ നിശ്ചയവും ആകുന്നു. അതിനാലല്ലേ പൂർവ്വികന്മാർക്കു സാക്ഷ്യം ലഭിച്ചത്” (എബ്രാ 10:37-11:1,2). ഇത് യേശുക്രിസ്തുവിന്റെ രണ്ടാം വരവ്: ആശിക്കുന്നതിന്റെ ഉറപ്പും, ഇതുവരെയും കാണാത്ത ആ വലിയ സംഭവം നടക്കുമെന്ന നിശ്ചയവുമാണ്. ഈ പ്രത്യാശയിൽ ജീവിക്കുന്നവർ വിശുദ്ധിയിൽ നിന്നും വിശുദ്ധിയിലേക്കു വളരും (1 യോഹ 3:1-3. വെളി 22:11). മുമ്പെ ദുഷ്പ്രവൃത്തികളാൽ ദൈവവും പിതാവുമായവനോട് മനസ്സുകൊണ്ട് അകന്നവരും ശത്രുക്കളുമായിരുന്ന നാം, ദൈവസന്നിധിയിൽ വിശുദ്ധരും നിഷ്കളങ്കരും കുറ്റമില്ലാത്തവരുമായി നിൽക്കേണ്ടതിന്, സുവിശേഷത്തിന്റെ പ്രത്യാശയിൽനിന്ന് ഇളകാതെ, അടിസ്ഥാനപ്പെട്ടവരും സ്ഥിരതയുള്ളവരുമായി വിശ്വാസത്തിൽ നിലനിൽക്കുകയും ചെയ്യേണ്ടതാണ് (കൊലൊ 1:21-23). **വിശ്വാസവും നല്ല മനസ്സാക്ഷിയും ഇല്ലാത്തവരുടെ വിശ്വാസ കപ്പൽ (വിശ്വാസ ജീവിതം) ലോകമാം ഗംഭീര വാരിധിയിൽ തകർന്നുപോകുമെന്ന് അനേക സംഭവങ്ങൾ നമുക്ക് മുന്നറിയിപ്പ് നൽകുന്നു** (1 തിമൊ 1:18-20)

ഈ രണ്ടു തലങ്ങളും ഉൾപ്പെട്ട വിലയേറിയതും അതിവിശുദ്ധവുമായ വിശ്വാസം കാത്തുകൊൾവാനാണ് സകല ഭാരവും മുറുകെ പറ്റുന്ന പാപവും വിട്ടു നാം ഓടേണ്ടതും, പാപത്തോട് പോരാടേണ്ടതും എന്നു അറിയണം. എങ്കിൽ മാത്രമെ “ഞാൻ നല്ല പോർ പൊരുതു, ഓട്ടം തികെച്ചു, വിശ്വാസം കാത്തു” എന്നു പറയുവാനും അഭിമാനിക്കുവാനും കഴിയുകയുള്ളൂ. ക്രിസ്തീയ ജീവിതം ദൈവകൃപയിലുള്ള ക്രിസ്തീയ വിശ്വാസത്തിൽ ആരംഭിച്ച് സത്യവചനങ്ങളിലുള്ള അനുസരണത്തിൽ വിശുദ്ധ ജീവിതം ചെയ്യുന്നതാണ്.

യേശുക്രിസ്തുവിന്റെ രണ്ടാം വരവിനു മുമ്പായി സംഭവിക്കുന്ന ലക്ഷണങ്ങളിൽ ഒന്നാമത്തേതാണ് വിശ്വാസത്യാഗം (2 തെസെ 2:13). യേശുക്രിസ്തു നൽകിയ സൂചനകളനുസരിച്ച് നോഹയുടെ കാലം പോലെയും ലോത്തിന്റെ കാലം പോലെയും തന്റെ വരവിന്റെ കാലത്തും ആകുമെന്നാണ് (ലൂക്കോ 17:26–32; മത്താ 24:37–39). വരുവാൻ പോകുന്ന ശിക്ഷയെക്കുറിച്ചും ദൈവം ഒരുക്കിയിരിക്കുന്ന രക്ഷയെക്കുറിച്ചും ഈ രണ്ടു തലമുറകളോടും ഗൗരവമായി അറിയിച്ചിട്ടും അവർ വിശ്വസിക്കയോ അനുസരിക്കയോ ചെയ്തില്ല. ജനം അനുസരിക്കാത്തതു കൊണ്ട് ദൈവീക രക്ഷയ്ക്കോ ശിക്ഷയ്ക്കോ മാറ്റമില്ലായിരുന്നു. അതുപോലെ **നാം വിശ്വസിച്ചില്ല എന്ന കാരണത്താൽ യേശുക്രിസ്തുവിന്റെ രണ്ടാം വരവ് സംഭവിക്കാതിരിക്കില്ല.**

ദൈവകൃപയിലും സത്യവചനത്തിലുമുള്ള വിശ്വാസം നഷ്ടപ്പെടുന്നതിലൂടെയാണ് വിശ്വാസത്യാഗം സംഭവിക്കുന്നത്. ദൈവത്തിന്റെ കൃപയിലുള്ള നമ്മുടെ വിശ്വാസം മൂലമാണ് നാം പാപത്തിന്റെ ശിക്ഷയിൽ നിന്നും രക്ഷിക്കപ്പെടുന്നത് (എഫെ 2:8). ദൈവകൃപയ്ക്കു മാറ്റമില്ല. യേശുക്രിസ്തുവിന്റെ രഹസ്യവരവുവരെ കൃപായുഗമാണ്. **മാനസാന്തരപ്പെട്ടു സുവിശേഷത്തിൽ വിശ്വസിക്കുന്ന ഏവർക്കും ദൈവകൃപ ലഭിക്കും.** എന്നാൽ നമ്മുടെ വിശ്വാസത്തിനു ഏറ്റക്കുറച്ചിലുകൾ സംഭവിക്കാം. അതിനു കാരണം നമ്മുടെ ജാഗ്രതയില്ലായ്മയാണ്.

ദൈവം കാൽവരിയിൽ പ്രദർശിപ്പിച്ച കൃപയും സ്നേഹവും നമ്മെ ജീവിതവിശുദ്ധിയിലേക്കും ജീവന്റെ പുതുക്കത്തിലേക്കും യേശുക്രിസ്തുവിന്റെ ഉപദേശങ്ങളെ അനുസരിക്കുന്നതിലേക്കും നയിക്കുന്നില്ലെങ്കിൽ ദൈവവുമായുള്ള സജീവബന്ധത്തിൽ നിന്നും, സത്യവചനത്തെ അനുസരിക്കുന്നതിൽ നിന്നും നാം അന്യപ്പെട്ടിരിക്കുന്നു. ഈ അവസ്ഥ നമുക്ക് കൃപയാൽ ലഭിച്ച ആത്മീക ജീവൻ നഷ്ടപ്പെടുത്തുന്നു (റോമ 8:13). അപ്പൊസ്തലനായ യൂദ ഈ നിലവാരത്തെ "രണ്ടുരുചത്തത്" എന്നു പറയുന്നു (യൂദ 12). അതായത് രണ്ടുപ്രാവശ്യം ചത്തത്. എന്താണ് അതിന്റെ അർത്ഥം? ഒരിക്കൽ ആത്മാവിൽ മരിച്ചതായിരുന്നു. എന്നാൽ ദൈവത്തിന്റെ കൃപയിൽ വിശ്വസിച്ചതു മൂലം ആത്മാവിൽ ജീവൻ പ്രാപിച്ചു (എഫെ 2:1). എന്നാൽ സ്വന്ത ഇഷ്ടപ്രകാരം ജീവിക്കാൻ തുടങ്ങിയതിനാൽ വീണ്ടും ആത്മാവിൽ മരിച്ചു (റോമ 8:13). അകം വെടിപ്പാക്കാതെ പുറം മാത്രം വെടിപ്പാക്കിക്കൊണ്ടു ജീവിക്കുന്നവർ ഇപ്രകാരം വിശ്വാസത്തെ തള്ളിക്കളഞ്ഞ കപടഭക്തിക്കാരാണ്.

വിശ്വാസ ത്യാഗത്തിലേക്കും അതുമൂലം നിത്യശിക്ഷാവിധിക്കും ഓഹരിക്കാരാക്കുന്ന പതിമൂന്നു സ്വഭാവങ്ങളെക്കുറിച്ച് യേശുക്രിസ്തു മുന്നറിയിപ്പു നൽകിയിട്ടുണ്ട്. ദുശ്ചിന്ത, പരസംഗം, മോഷണം, കൊലപാതകം, വ്യഭിചാരം, അത്യാഗ്രഹം, ദുഷ്ടത, ചതി, ദുഷ്കർമ്മം, വിടക്കുകണ്ണ്, ദൂഷണം, അഹങ്കാരം, മൂഢത (മർ 7:21–23). ശരീരത്തിലെ രക്തസമ്മർദം, പ്രമേഹം, കൊളസ്ട്രോൾ തുടങ്ങിയവയുടെ അളവ് അറിയുവാൻ കൃത്യസമയങ്ങളിൽ പരിശോധന നടത്തി നമ്മുടെ ആയുസ്സിനെ ദീർഘമാക്കുവാൻ നാം ശ്രമിക്കുന്നു. അതുപോലെ **നാം ദൈവത്തോടൊപ്പം നിത്യതയിൽ വസിക്കേണ്ടതിനു തടസ്സമായി നമ്മിലുള്ള സ്വഭാവങ്ങളെ ദൈവവചനത്താലും ദൈവാത്മാവിനാലും നമ്മിൽ നിന്ന് അകറ്റി വിശ്വാസത്തെ കാത്തുസൂക്ഷിക്കാം.**



# അരുതാത്ത കാര്യങ്ങൾ

## (Forty Five Don'ts from the New Testament)

*Compiled by :* **Prof. നേശകുമാരി ഡേവിഡ്സൺ**

| | | |
|---|---|---|
| 1. | കുല ചെയ്യരുത്. | മത്താ. 5:21 |
| 2. | വ്യഭിചാരം ചെയ്യരുത്. | മത്താ. 5:27 |
| 3. | കള്ള സത്യം ചെയ്യരുത്. | മത്താ 5:33 |
| 4. | അശ്ശേഷം സത്യം ചെയ്യരുത്. | മത്താ. 5:34 |
| 5. | വായ്പ വാങ്ങുവാൻ ഇച്ഛിക്കുന്നവനെ ഒഴിഞ്ഞു കളയരുത്. | മത്താ. 5:42 |
| 6. | ഉപവസിക്കുമ്പോൾ വാടിയ മുഖം കാണിക്കരുത്. | മത്താ 6:16 |
| 7. | പുഴുവും തുരുമ്പും കെടുക്കയും കള്ളന്മാർ തുരന്നു മോഷ്ടിക്കയും ചെയ്യുന്ന ഈ ഭൂമിയിൽ നിങ്ങൾ നിക്ഷേപം സ്വരൂപിക്കരുത്. | മത്താ 6:19 |
| 8. | നാളെക്കായി വിചാരപ്പെടരുത്. | മത്താ. 6:33, ഫിലി. 4:5 |
| 9. | നിങ്ങൾ വിധിക്കപ്പെടാതിരിക്കേണ്ടതിന് മറ്റുള്ളവരെ വിധിക്കരുത്. | മത്താ. 7:1<br>റോമർ 14:13 |
| 10. | സഹോദരന്റെ കണ്ണിലെ കരട് നോക്കരുത്. | മത്താ. 7:2 |
| 11. | വിശുദ്ധമായത് നായ്ക്കൾക്ക് കൊടുക്കരുത്. | മത്താ. 7:6 |
| 12. | പരിശുദ്ധാത്മാവിന് നേരെ ദൂഷണം പറയരുത്. | മത്താ. 12:32 |
| 13. | നിനക്കുള്ളത് എടുത്തുകളയുന്നവനോട് മടക്കി ചോദിക്കരുത്. | ലൂക്കോ. 6:30 |
| 14. | ശിക്ഷെക്കു വിധിക്കരുത്. എന്നാൽ നിങ്ങൾക്കും ശിക്ഷാവിധി ഉണ്ടാകയില്ല. | ലൂക്കോ 6:37 |
| 15. | എന്തു തിന്നും എന്തു കുടിക്കും എന്നു ചിന്തിച്ച് ചഞ്ചലപ്പെടരുത്. | ലൂക്കോ 12:29 |
| 16. | ഒരുത്തൻ നിന്നെ കല്യാണത്തിന്നു വിളിച്ചാൽ ചെന്ന് മുഖ്യാസനത്തിൽ ഇരിക്കരുത്. | ലൂക്കോ. 14:8 |
| 17. | കാഴ്ചപ്രകാരം വിധിക്കരുത്. | യോഹ.7:24 |
| 18. | നിങ്ങളുടെ ഹൃദയം കലങ്ങരുത്; ഭ്രമിക്കയും അരുത്. | യോഹ. 14:27 |
| 19. | നിങ്ങളെത്തന്നെ ബുദ്ധിമാന്മാർ എന്നു വിചാരിക്കരുത്. ആർക്കും തിന്മക്കു പകരം തിന്മ ചെയ്യരുത്. | I കൊരി.3:21 |
| 20. | ആരും മനുഷ്യരിൽ പ്രശംസിക്കരുത്. | I കൊരി. 3:21 |
| 21. | ഇതു വിഗ്രഹാർപ്പിതം എന്നു നിങ്ങളോടു പറഞ്ഞാൽ ആ അറിയിച്ചവൻ നിമിത്തവും മനസ്സാക്ഷി നിമിത്തവും തിന്നരുത്. | I കൊരി. 10:28 |
| 22. | സഹോദരന്മാരേ, ബുദ്ധിയിൽ കുഞ്ഞുങ്ങൾ ആകരുത്. | I കൊരി. 14:20 |

23. അന്യഭാഷകളിൽ സംസാരിക്കുന്നത് വിലക്കരുത്. I കൊരി. 14:39

24. നന്മ ചെയ്കയിൽ നാം മടുത്തു പോകരുത്. ഗലാ. 6:9
II തെസ്സ. 3:13, യാക്കോ. 4:17

25. കോപിച്ചാൽ പാപം ചെയ്യാതിരിക്ക; കോപം വെച്ചു കൊണ്ടിരുന്ന് പിശാചിന് ഇടം കൊടുക്കരുത്. എഫെ. 4:26

26. നല്ല വാക്കല്ലാതെ ആകാത്തത് ഒന്നും വായിൽ നിന്നു പുറപ്പെടരുത്. പരിശുദ്ധാത്മാവിനെ ദുഃഖിപ്പിക്കരുത്. എഫെ. 4:30

27. ദുർനടപ്പും അശുദ്ധിയും അത്യാഗ്രഹവും നിങ്ങളുടെ ഇടയിൽ പേർ പറകപോലും അരുത്. എഫെ. 5:3

28. വീഞ്ഞു കുടിച്ച് മത്തരാകരുത്. എഫെ. 5:18

29. അന്യോന്യം ഭോഷ്ക് പറയരുത്. കൊലൊ. 3:8, യാക്കോ.4:11

30. ഭാര്യമാരോട് കൈപ്പായിരിക്കരുത്. കൊലൊ. 3:19

31. നിങ്ങളുടെ മക്കൾ അധൈര്യപ്പെടാതിരിക്കേണ്ടതിനു അവരെ കോപിപ്പിക്കരുത്. കൊലൊ. 3:21

32. ആത്മാവിനെ കെടുക്കരുത്; പ്രവചനം തുച്ഛീകരിക്കരുത്. I തെസ്സ. 5:19

33. വേല ചെയ്‌വാൻ മനസ്സില്ലാത്തവർ തിന്നുകയുമരുത്. II തെസ്സ. 8:10

34. അദ്ധ്യക്ഷൻ മദ്യപ്രിയനും തല്ലുകാരനും ആയിരിക്കരുത്. I തിമൊ. 3:3

35. ആരും നിന്റെ യൗവ്വനം തുച്ഛീകരിക്കരുത്. I തിമൊ. 4:12

36. സ്തോത്രത്തോടെ അനുഭവിക്കുന്നു എങ്കിൽ ദൈവത്തിന്റെ സൃഷ്ടി ഒന്നും വർജ്ജിക്കേണ്ടതില്ല. (വേണ്ടെന്നു വെയ്ക്കരുത്). I തിമൊ 4:4

37. യാതൊരുത്തന്റെ മേലും വേഗത്തിൽ കൈ വെയ്ക്കരുത്. അന്യന്മാരുടെ പാപങ്ങളിൽ ഓഹരിക്കാരനാകരുത്. I തിമൊ. 5:22

38. നിങ്ങളുടെ ഹൃദയം കഠിനമാക്കരുത്. എബ്രാ. 3:8

39. അതിഥി സൽക്കാരം മറക്കരുത്. എബ്രാ. 13:1, I പത്രൊ. 4:9

40. നന്മ ചെയ്‌വാനും കൂട്ടായ്മ കാണിപ്പാനും മറക്കരുത്. എബ്രാ. 13:16

41. യേശുക്രിസ്തുവിൽ വിശ്വസിക്കുന്ന നിങ്ങൾ മുഖപക്ഷം കാണിക്കരുത്. യാക്കോ. 2:1

42. സഹോദരന്മാരെ അന്യോന്യം ദുഷിക്കരുത്. യാക്കോ. 4:11

43. വിശേഷാൽ സഹോദരന്മാരേ, സ്വർഗ്ഗത്തേയോ ഭൂമിയെയോ മറ്റു യാതൊന്നിനെയുമോ ചൊല്ലി സത്യം ചെയ്യരുത്. യാക്കോ. 5:12, മത്താ. 5:34

44. ലോകത്തെയും ലോകത്തിലുള്ളതിനേയും സ്നേഹിക്കരുത്. I യോഹ 2:15

45. ഒരുത്തൻ ക്രിസ്തുവിന്റെ ഉപദേശം കൊണ്ട് അല്ലാതെ നിങ്ങളുടെ അടുക്കൽ വന്നു എങ്കിൽ അവനെ വീട്ടിൽ കൈക്കൊള്ളരുത്. II യോഹ. 1:10





## "ശുദ്ധിക്കായ് നീ യേശു സമീപെ പോയോ"

## Have you been to Jesus? (എലീശ ഹോഫ്മാൻ 1839 - 1929)

'Have you been to Jesus for the Cleansing blood' എന്നു തുടങ്ങുന്ന ഈ ഗാനം രചിക്കയും സംഗീതം നൽകുകയും ചെയ്ത റവ.എലീശ ഓൾ ബ്രൈറ്റ് ഹോഫ്മാൻ, പെൻസിൽവേനിയയിൽ കർത്തൃശുശ്രൂഷ ചെയ്ത ഒരു തീഷ്ണതയുള്ള പട്ടക്കാരനായിരുന്നു. 1839 മേയ് 7നാണ് ഇദ്ദേഹം പെൻസിൽവേനിയയിലെ "ഓർവിഗ്സ്ബർഗ്" എന്ന സ്ഥലത്തു ജനിച്ചത്. ഔപചാരികമായി സംഗീതം അഭ്യസിച്ചിട്ടില്ലെങ്കിലും രണ്ടായിരത്തിലേറെ സുവിശേഷഗാനങ്ങൾ ഇദ്ദേഹം രചിച്ചിട്ടുണ്ട്. അവയിൽ പ്രചുരപ്രചാരം ലഭിച്ച ഇഷ്ടഗാനങ്ങളിലൊന്നാണ് ഇത്. അദ്ദേഹം സ്വയം ഗാനങ്ങൾ രചിക്കുന്നതു കൂടാതെ പല ഗാനപുസ്തകങ്ങളും പ്രസാധനം ചെയ്തു പ്രസിദ്ധീകരിച്ചിട്ടുണ്ട്. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലുമുള്ള ഇവാഞ്ചലിക്കൽ സഭകളിലും പ്രസ്ബിറ്ററിയൻ സഭകളിലും ശുശ്രൂഷ ചെയ്തിട്ടുണ്ടെങ്കിലും അദ്ദേഹത്തിന്റെ സുവിശേഷഗാനങ്ങളിൽ കൂടെ ലോകമെമ്പാടും അസംഖ്യം പേർക്ക് ഫലപ്രദമായ ശുശ്രൂഷ നിർവഹിക്കയായിരുന്നു.

അദ്ദേഹത്തിന്റെ ശുശ്രൂഷയ്ക്കിടയിൽ പലവിധമായ രോഗങ്ങളാലും ദുരിതങ്ങളാലും പരീക്ഷിക്കപ്പെട്ട ഒരു വനിതയെ റവ.ഹോഫ്മാൻ അടിക്കടി സന്ദർശിച്ചിരുന്നു. അവൾ ഹൃദയഭാരത്തോടെ അദ്ദേഹത്തോടു ചോദിച്ചു "സഹോദരാ ഞാൻ എന്തു ചെയ്യട്ടെ? അദ്ദേഹം അവളോട്, നിന്റെ സങ്കടങ്ങളും ഭാരങ്ങളും യേശുവിനോട് പറയൂ" എന്നു മാത്രമേ പറയാൻ കഴിഞ്ഞുള്ളൂ. ഈ സംഭവത്തോടുചേർന്നു അദ്ദേഹം ഒരു ഗാനം രചിക്കുന്നതിനിടയായി. സകലവും യേശുവിനോടു പറയുക. ഇതുപോലുള്ള സന്ദർഭങ്ങൾ ഗാനങ്ങൾ എഴുതുന്നതിനു പ്രേരകമാകുന്നു. ഈ ഗാനത്തിലെ ചോദ്യം"Are you washed in the blood of the Lamb" എന്നാണ്. കുളിച്ചോ കുഞ്ഞാട്ടിൻ രക്തത്തിൽ? ജീവിതാനുഭവങ്ങളിൽ നിന്നും ഉടലെടുത്ത ഗാനങ്ങളാണ് ഹോഫ്മാനിന്റേത്. അദ്ദേഹം കർത്താവിനായി ദീർഘകാലം ശുശ്രൂഷ ചെയ്ത് തന്റെ 90-ാം വയസ്സിൽ കർത്തൃസന്നിധിയിലേക്ക് യാത്രയായി.

ഈ ഗാനം മലയാളത്തിലേക്ക് ശുദ്ധിക്കായ് നീ യേശു സമീപെ പോയോ? കുളിച്ചോ കുഞ്ഞാട്ടിൻ രക്തത്തിൽ? എന്നിങ്ങനെ വിവർത്തനം ചെയ്തിരിക്കുന്നത് പ്രശസ്ത ഭക്തകവി മോശവത്സലം ശാസ്ത്രിയാരാണ്. ക്രിസ്തീയ ആരാധനയ്ക്കുള്ള പാട്ടുകൾ എന്ന പുസ്തകത്തിൽ നൂറിലേറെ ഗാനങ്ങൾ മോശവത്സലം ശാസ്ത്രിയാരുടെ കൃതികളായിട്ടുണ്ട്. കൂടാതെ അൻപതോളം വിവർത്തനങ്ങളും ചേർത്തിരിക്കുന്നു. ആരാധനകളിൽ പാടുന്നതിനു വേണ്ടുന്ന പാട്ടുകൾ രചിക്കാനായി അന്നത്തെ മിഷനറി ഇദ്ദേഹത്തെ ചുമതലപ്പെടുത്തിയിരുന്നതായി ചരിത്രത്തിൽ കാണുന്നു. കർണാട്ടിക് രാഗത്തിലുള്ള കീർത്തനങ്ങൾ സാധാരണ ജനങ്ങൾക്കു പാടത്തക്കവണ്ണം ലളിതപ്പെടുത്തിയിരിക്കുന്നത് ശാസ്ത്രിയാരുടെ ഒരു പ്രത്യേകതയായിരുന്നു. എല്ലാ വിഭാഗത്തിലും സ്തുതി, പാപം, ഏറ്റുപറച്ചിൽ, പ്രതിഷ്ഠ, പ്രാർത്ഥന തുടങ്ങിയവയിലും, ക്രിസ്തുജനനം, കഷ്ടാനുഭവം ക്രൂശീകരണം, ഉയിർപ്പ് തുടങ്ങി എല്ലാ അവസരങ്ങളിലേക്കുള്ളതും അദ്ദേഹത്തിന്റേതായി കാണാം. ഭക്തിസംഗീതം മാത്രമായിരുന്നു മോശവത്സലത്തിന്റെ സഹചാരി. 1916 ഫെബ്രുവരി 20 ഞായറാഴ്ച അദ്ദേഹം രചിച്ച ഗാനങ്ങൾ പാടി സഭാ ജനങ്ങൾ വിശുദ്ധാരാധനയിൽ പങ്കുകൊണ്ടിരുന്ന സമയത്തിൽ അദ്ദേഹം കർത്തൃസന്നിധിയിലേക്കു കടന്നുപോയി.

***"ഞാൻ പൂർണ്ണ ഹൃദയത്തോടെ നിനക്കു സ്തോത്രം ചെയ്യും. ദേവന്മാരുടെ മുൻപാകെ ഞാൻ നിന്നെ കീർത്തിക്കും"(സങ്കീർത്തനം 138:1).***

## CIRCLE PRAYERS FOR JULY 2012

If you want us to arrange circle prayers in August or September kindly inform one of the presbyters **before 22July.**

| | | | |
|---|---|---|---|
| 3/7/12 | 1654 | Mr Denu Soman | Sastn Nagar |
| Tuesday | 253 | Mrs. Saieena Bai Johnson | Museum Bain's Compound |
| | 1616 | Mr. Jala|akumar | Charachira |
| 6/7/12 | 1658 | Mrs. Suvarna Jane | Kesten Road, Nandancode |
| Friday | 1991 | Mrs. Beatrice J H Justus | Keraladithya Puram |
| | 1115 | Mr. L Ra|an | Ajantha nagar. PTP Nagar |
| 10/7/12 Tuesday | 1706 | Mrs. Rani Nirmal Davis | Mangaratu Gardens, Pappanamcode |
| | 2005 | Dr. Libu | Meads lane Palayam |
| | 1919 | Er. Jinoj Titus | Uppalam Road, Statue |
| 13/7/12 | 966 | Dr. Davd Devaraj Kumar | Statue Road |
| Friday | 672 | Mr. Sohia Roy, | Amala Cottage, Thekkummoodu |
| | 1716 | Mr. Paul Varghese | Kevn Villa, Thamalam |
| 17/7/12 | 805 | Mr.Y. Harris | Kannammoola |
| Tuesday | 172D | Mr. E. Madhumumar | Museum WestLane Nanthancode |
| | 681 | Mr. Eric Sonan Steephen | Kuravankonam |
| 20/7712 | 1341 | Mr. T. John Victor | Pearlham, Parambikonam |
| Friday | 16761 | Mrs.T. SSarojani | Panachamoodu Lane, Pattom |
| | 1315 | Mr. D. Somaraj | Madathuvilakom, Maruthankuzhi |
| 24/7/12 | 1621 | Mr. Suresh Kumar G. | Watts" Lane |
| Tuesday | 1560 | Dr. Qornimc Jose | Jagathy East, Thycaud |
| | 913 | Dr. D. Benjamin | Chavadimukku, Sreekaryam |
| 27/7/12 | 320 | Mrs. Sulochi Berty | Narithavanam |
| Friday | 876 | Mrs Kamalamma Soman | Kollanikonam |
| | 787 | Mr. H. Frederick | Kuravankonam |
| 31/7/12 | 1030 | Mr. P. Rajan | Vettamukku |
| Tuesday | 165 | Mrs.Lizzy E. Raj | Ambala Nagar |
| | 212 | Mr. Eustace Suseel | Rajeev Lane, Nalanda |
| 3/8/2012 | 896 | Mr. Rajkumar Jesudason | Kawdiyaar Friday |
| | 1527 | Maj Franklin Jose | Thirumala |
| | 1456 | Mr. Reji Titus | Kamaleswaram |



## Gone, But Not Forgotten

### Second Death Anniversary



**Dr. G. ARULDHAS**
Former Dean, Faculty of Science
Professor & Head, Dept of Physics
University of Kerala

**Called to Eternal Glory on 16-7-2010**

***By sorrowing Family***
***Wife : Mrs. Myrtle Grace***
***Children : Dr. Vinod & Dr. Anitha***
***Dr. Manoj & Dr. Bini***
***Dr. Ann & Dr. Suresh***

**A-76, Sharon, Kanaka Nagar, Trivandrum 3**

***"Safe in the arms of Jesus"***



### First Death Anniversary

Called to Eternal Life on 1-7-2011

*In the Cherishing Memory of*

**Dr. G. MORLEY MOHAN LAL**
Professor(Retd.)
Institute of Management in Government,
Thiruvananthapuram

***by***
***Vathsala Lal (Wife)***
***Children :***
***Ajith Kumar - Sindhu Ajith (Saudi Arabia)***
***Anil Kumar - Karuna Anil***
***Granddaughter***
***Nancy Maria***

# CSI MATEER MEMORIAL CHURCH

## Regular Weekly Programme

**Morning Worship (Monday to Saturday) 7.00 a.m**

| | | |
|---|---|---|
| Sunday | Malayalam Service | 06.00 a.m |
| | Tamil Service | 07.00 a.m |
| | Malayalam Service | 08.00 a.m |
| | English Service | 10.00 a.m |
| | Malayalam Service | 04.15 p.m |
| | Sunday School | 09.30a.m & 03.00 p.m |
| | Women's Fellowship | 10.00 a.m |
| | CEYF | 10.00 a.m |
| | BCL Union | 11.00 a.m |
| | JCEF | 11.00 a.m |
| | Choir Practice | 11.00 a.m |
| | Teens Bible Hour | 03.00 p.m |
| | Contemporary Worship (First Sunday) | 06.15 p.m |
| Monday | Bible Class | 05.30 p.m |
| | Vestry Prayer | 06.30 p.m |
| Tuesday | Circle Prayer (3 houses) | 06.30 p.m |
| | Vestry Prayer | 07.00 p.m |
| Wednesday | Gospel Band House Visit | 03.30 p.m |
| | Women's Fellowship | 04.30 p.m |
| Thursday | Senior Citizens' Fellowship | 04.30 p.m |
| | Worship & Witnessing Service | 06.15 p.m |
| Friday | Circle Prayer (3 houses) | 06.30 p.m |
| Saturday | Choir Practice | 05.00 p.m |
| | Preparation Service (First Saturday) | 07.00 p.m |

## Members of the Church Committee

| Name | Phone No. | Mobile |
|---|---|---|
| Rev. C.R. Vincent (President) | 2316544 | 9446850066 |
| Rev. Dr. L.E. Sahanam (Presbyter) | 2724658 | 9400370085 |
| Rev. E. Sunin Spenzer (Presbyter) | 2316644 | 8547811284 |
| Dr. Samson Nessiah (Secretary) | 2334036 | 9447126931 |
| Mr. T. Jayakumar Alfred (Accountant) | 2534781 | 9895110652 |
| Dr. S.G. Churchin Ben | 2315655 | 9447177666 |
| Mr. Y. Christudas | 2318213 | 9895114633 |
| Mr. Christenson E. Sarasam | 2327722 | 9995100420 |
| Mr. Victor E. Joseph | 2316749 | 9446556749 |
| Er. M. Sam Moses | 2311754 | 9447011754 |
| Dr. Mrs. Sindhuja Suresh | 2533672 | 9747225493 |
| Er. Joshi Das Y.S. | 2315106 | 9446052121 |
| Mrs. Charlet Bai Robert Singh | 2436338 | 9495551064 |
| Mrs. Grisilda Wills | 2313467 | 9995236650 |
| Mr. K. Hudson | 2355229 | 9446589715 |
| **Church Office** | **2311347** | |
| Mr. G. Sivanandan (Sexton) | | 9446616080 |
| Mr. G. Wilson (Parish Asst.) | | 9447525339 |
| Mr. T. Rajeev (Peon Cum Gardener) | | 9895801012 |

GRACE PRINTERS : ✆ 2540523